# കാവി : അധികാരവിമർശനത്തിന്റെ വി.കെ.എൻ. ഭാഷ്യം

**കാവ്യ എം. വി.**
ഗവേഷക, മലയാളവിഭാഗം
മഹാത്മാഗാന്ധി കോളേജ്
തിരുവനന്തപുരം
Email: kavyamalu.mv92@gmail.com

**പ്രബന്ധസംഗ്രഹം**

കാവിയെന്ന നിറം, വസ്ത്രം എന്നിവ ഭാരതത്തിന്റെ സവിശേഷമായ ആധ്യാത്മികപാരമ്പര്യത്തെ സൂചിപ്പിക്കുമ്പോഴും അതിനു ബദലായി യാഥാർഥ്യവും ഭാവനയും കൂടിക്കലർന്ന പുതിയ ആശയതലങ്ങളിലേക്ക് വികസിക്കുന്ന ഘടനയിൽ കഥാവിഷ്കാരം നടത്തുന്ന വി. കെ. എന്നിന്റെ നോവലാണ് കാവി. ഒരു രാജ്യം മതാധിഷ്ഠിത ഭരണകൂടത്തെ സൃഷ്ടിക്കുന്നതിനെ സംബന്ധിച്ച നിലപാടുകളെ സംവാദാത്മകമായി അവതരിപ്പിക്കുന്നതിനായി അന്യാപദേശആഖ്യാനത്തെ ഈ നോവലിൽ സമർത്ഥമായി ഉപയോഗിച്ചിരിക്കുന്നു. പ്രകൃതാർത്ഥസൂചനകളിലൂടെ ഇന്ത്യയുടെ സാമൂഹിക രാഷ്ട്രീയാവസ്ഥകളെ സംബന്ധിച്ച നിലപാടുകൾ കൃതിയുടെ അന്തർഭാവത്തെ ഗൗരവതരമാക്കുന്നു. ശക്തമായ പ്രവചനാത്മകസ്വഭാവമുള്ള കാവിയുടെ പുനർവായന സമകാല ഇന്ത്യനവസ്ഥയിൽ ഏറെ പ്രസക്തമാണ്.

**താക്കോൽവാക്കുകൾ:** രാഷ്ട്രീയ അന്യാപദേശം - അന്യാപദേശ വിശകലനം – അധികാരം-ജനാധിപത്യം - ഫാസിസം- ആത്മീയതാവിമർശനം-രാഷ്ട്രീയ അബോധം–പാഠാന്തരത

നിശിതമായ ഫലിതബോധം കൊണ്ട് വ്യവസ്ഥിതികളെ വിമർശിക്കുന്ന ചെറുത്തുനിൽപ്പാണ് വി.കെ.എൻ. കൃതികൾ. ജനാധിപത്യലംഘനങ്ങളും ഏകാധിപത്യപ്രവണതകളും ലോകമെമ്പാടുമുള്ള മനുഷ്യജീവിതത്തെ സംബന്ധിച്ച വെല്ലുവിളികളാണ്. വി.കെ.എൻ. കൃതികളാകട്ടെ ചരിത്രത്തിന്റെ നെറികേടുകളെ ഓർമ്മിപ്പിച്ചും വർത്തമാനകാല യാഥാർഥ്യങ്ങളെ ഇഴകീറി പരിശോധിച്ചും ഭാവിയെ കുറിച്ചുള്ള ജാഗ്രതയെ അടയാളപ്പെടുത്തുന്ന ശക്തമായ രാഷ്ട്രീയം പുലർത്തുന്നു. ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്ന് ആത്മാന്വേഷണത്തിന് പുറപ്പെടുന്ന നായ

കനിലൂടെയാണ് നോവൽഘടന വികസിക്കുന്നത്. കൃത്യമായ ഒരു ഇതിവൃത്തമെന്നതിലുപരി കഥാപാത്രമായി നിന്നുകൊണ്ട് സ്വയം വിമർശിക്കുകയും സാമൂഹികപ്രശ്നങ്ങളോട് കലഹിക്കുകയും ചെയ്യുന്ന നിലയിലാണ് കാവിയുടെ ശിൽപ്പഘടന. ആത്മീയതാവിമർശനത്തിലൂടെ ഭാരതത്തിന്റെ പാരമ്പര്യവാദങ്ങളെ ചോദ്യം ചെയ്യുകയും ദൈവം, മതം, മാനവികത, സ്ഥിതിസമത്വം തുടങ്ങിയ ആശയങ്ങളെ സംബന്ധിച്ച തന്റെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയും ചെയ്യുന്നുവെന്നത് എഴുത്തുകാരൻ പുലർത്തുന്ന സാമൂഹികപ്രതിബദ്ധതയുടെ തെളിവുകളാണ്.

കാവിയിലെ ആത്മീയതാവിമർശനത്തിന് വി. കെ. എന്നിനെ പ്രചോദിപ്പിച്ചത് തൊണ്ണൂറുകളിലെ ഇന്ത്യൻ രാഷ്ട്രീയസാംസ്കാരിക സാഹചര്യങ്ങളാണ്. വിഭാവനം ചെയ്ത രാഷ്ട്രസങ്കല്പംസ്വാതന്ത്ര്യലബ്ധിയ്ക്ക് ശേഷവും പരിപൂർണ്ണമായ അർത്ഥത്തിൽ ഇവിടെ യാഥാർഥ്യമായില്ല. ഫാസിസവും നാസിസവും പോലെ ജനാധിപത്യത്തിലും ഏകാധിപത്യപ്രവണതകൾ രൂപപ്പെടാമെന്ന ധാരണ അടിയന്തരാവസ്ഥയോടുകൂടി ജനങ്ങളിൽ രൂപപ്പെട്ടു. “അടിയന്തരാവസ്ഥ ഏർപ്പെടുത്തിക്കൊണ്ടുള്ള പ്രഖ്യാപനം തന്നെ ആഭ്യന്തര കുഴപ്പങ്ങളാൽ രാഷ്ട്രത്തിന്റെ സുരക്ഷിതത്വം ഭീഷണി നേരിടുന്നു എന്നതായിരുന്നു. രാഷ്ട്രം, ജനത, പുരോഗതി, അറിവ് തുടങ്ങിയവയെ പറ്റി ഭരണകൂടം പുതിയൊരു ആഖ്യാനം നിർമ്മിച്ചു. ”[1] 1980കളിലേക്ക് കടക്കുമ്പോൾ രാഷ്ട്രീയം, അധികാരം, സ്വാതന്ത്ര്യം, മനുഷ്യാവകാശം, നിയമം തുടങ്ങിയ ആശയങ്ങളെ പ്രശ്നവൽക്കരിക്കുന്ന സാഹിത്യരചനയിലേക്ക് നയിക്കുന്നതിന് ഈ രാഷ്ട്രീയാന്തരീക്ഷം കാരണമായി. ആഗോളവൽക്കരണത്തിന്റെ സ്വാധീനം ലിബറൽ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകി. മാവോയിസ്റ്റ്പ്രസ്ഥാനങ്ങളുടെ സ്വാധീനം, ബാബറി മസ്ജിദ് തകർക്കപ്പെട്ടതിലൂടെ ഇല്ലാതെയായ ഭാരതീയമതേതരഭാവം, ഇതിന്റെ ഫലമായുണ്ടായ ബോംബെ കലാപവും കാശ്മീരി പണ്ഡിറ്റുകളുടെ വംശീയ ഉന്മൂലനവും, മണ്ഡൽകമ്മീഷൻ റിപ്പോർട്ടിനോടുള്ള പ്രതിഷേധം, രാഷ്ട്രീയപ്രസ്ഥാനങ്ങളോട് ജനങ്ങൾക്കുണ്ടായ അവിശ്വാസം തുടങ്ങിയവ വി. കെ. എന്നിന്റെ സാഹിത്യരചനയെ സ്വാധീനിച്ച ഘടകങ്ങളാണ്. എന്നാൽ സമകാലികരായ ആധുനിക എഴുത്തുകാരുടെ രചനാരീതികളിൽ നിന്ന് വ്യതിരിക്തമായി ചരിത്രത്തെയും സമകാല രാഷ്ട്രീയവ്യവസ്ഥിതിയെയും നോക്കിക്കാണാൻ അദ്ദേഹം ശ്രദ്ധിച്ചു. പയ്യൻ കഥകൾ, ജനറൽ ചാത്തൻസ്, പിതാമഹൻ തുടങ്ങിയ രചനകളിലെ രാഷ്ട്രീയചരിത്രബോധം കാവിയിലെത്തുമ്പോൾ രാഷ്ട്രീയ ഉപഹാസത്തിന്റെ മൂർദ്ധന്യത്തിൽ എത്തിനിൽക്കുന്നതായി കാണാം. സ്ഥാപനവൽക്കരിക്കപ്പെട്ട എല്ലാ വ്യവസ്ഥിതികളെയും മുന്നിൽ കണ്ടു വിമർശിക്കുന്ന വിദൂഷകമനോഭാവം അങ്ങനെ കാവിയിൽ സ്പഷ്ടമാകുന്നു.

“മതവും രാഷ്ട്രീയഅധികാരവും പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്ന അധികാരശ്രേണികളാണ്. മതാധിഷ്ഠിതമായജനാധിപത്യത്തെ സർഗ്ഗാത്മകമായി എതിർക്കുന്നതിന് ഭാരതത്തിന്റെ ആധ്യാത്മികപാരമ്പര്യത്തെ തന്നെ സമർത്ഥമായി ഉപയോഗിക്കുകയായിരുന്നു വി. കെ.എൻ. ഭാരതത്തിൽ രൂപംകൊണ്ട വേദോപനിഷത്തുകൾ, പുരാണങ്ങൾ എന്നിവ ലോകത്തിന് ആഴമേറിയ ആധ്യാത്മികദർശനങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്. എന്നാൽ ആത്മീയതയ്ക്കുമേൽ മതബോധം ആധിപത്യം നേടുകയും അധികാരത്തിൽ അധിഷ്ഠിതമായ ഒരു രാഷ്ട്രീയവ്യവസ്ഥ സംജാതമാകുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് കാവിയിലൂടെ വി. കെ. എൻ. പ്രവചിച്ചത്. “ശങ്കുവാശാന്മാരായ സ്വാമിമാരെ ഏത് സർക്കാരിനും പേടിയാണ് സാമി.

എന്തുകൊണ്ട്?

"സാമുദായിക കലാപം, ആത്മഹത്യ, വെടിവെപ്പ്, തീവെപ്പ് എന്നിവയാൽ"[2] അധികാരവർഗ്ഗം ആത്മീയവാദികളോട് പ്രകടിപ്പിക്കുന്ന ഈ അമിതവിധേയത്വത്തെ വി.കെ.എൻ. നോവലിലുടനീളം വിമർശിക്കുന്നു. ഭാരതം വിവിധ മതങ്ങളുടെ ഒരു സങ്കര ഭൂമിയായതുകൊണ്ട് തന്നെ വർഗീയത എന്ന വിഷയത്തെ അതീവ ജാഗ്രതയോടെ സമീപിക്കേണ്ടതായിട്ടുണ്ട്. വർഗീയ വിഷയങ്ങളെ തങ്ങളുടെ നിലപാടുകൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്ന ഭരണകുതന്ത്രത്തിന് ഏറ്റവും മികച്ച ഉദാഹരണമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത് 'രാമകൃഷ്ണജന്മസ്ഥാന'ത്തെ സർക്കാർ പണം കൊടുത്ത് നേടിയതിനെ പരാമർശിച്ചുകൊണ്ടാണ്. അധികാരം കൈമുതലാക്കിയ ഏതൊരു ഗവൺമെന്റും ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിന്മേലും ആധിപത്യം ചെലുത്തുമെന്ന പ്രവചനാധിഷ്ഠിത നിരീക്ഷണവും നോവലിസ്റ്റ് ഉന്നയിക്കുന്നു. സമ്പത്ത്, അധികാരം, മതം ഇവ മൂന്നും പരസ്പരം ഐക്യപ്പെട്ടു നിൽക്കുന്ന വ്യവസ്ഥിതികളാണ്. ഇവയിലൂടെ സമൂഹത്തിൽ സർവ്വാധിപത്യം നടപ്പിലാക്കാമെന്ന് നിരന്തരമായ ചരിത്രത്തിലൂടെ വെളിപ്പെടുന്ന വസ്തുതയായി നോവലിസ്റ്റ് സമർത്ഥിക്കുന്നു. ഇങ്ങനെ കപടആത്മീയവാദങ്ങളോടുള്ള ശക്തമായ വിമർശനമായി ഈ കൃതി മാറുന്നു.

ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നൊളിച്ചോടുന്ന നായകൻ ഉത്തരേന്ത്യയിലെ നിരവധിയായ ആശ്രമങ്ങളിൽ എത്തിച്ചേരുന്നു. ആശ്രമജീവിതത്തിന്റെ തിക്തയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കിയ നായകൻ പലതവണ കാവിയുപേക്ഷിക്കാൻ തയ്യാറാകുന്ന സന്ദർഭങ്ങൾ നോവലിലുണ്ട്. " 'വെളുക്കുമ്പോൾ കുളിക്കണം, വെള്ളമുണ്ടുടുക്കണ'മെന്ന് തുടങ്ങുന്ന ബുക്കിലെ ഉപദേശം ആശ്രമത്തിലെ ചാമിമാർ ചെവിക്കൊണ്ടാൽ എത്രുളവ് കാവിയാണ് മിച്ചമാവുക എന്നോർത്തപ്പോൾ ഞാൻ സ്തബ്ധനായി."[3] കാവിവസ്ത്രം ത്യജിക്കുകയെന്നനായകന്റെ തീരുമാനത്തിലൂടെ അന്നുവരെ പ്രതിഷ്ഠാപിതമായ മതാത്മകബോധ്യങ്ങളുടെ നിരാകരണമാണ് നോവലിസ്റ്റ് സൂചിപ്പിക്കുന്നത്. എന്നാൽ ആ വസ്ത്രം നൽകുന്ന ആനുകൂല്യങ്ങളുടെയും സവിശേഷ അധികാരങ്ങളുടെയും ബോധ്യം കാവിവൽക്കരണത്തിനു നായകനെ വീണ്ടും നിർബന്ധിതനാക്കുന്നു. ആത്മീയതയുടെയും രാഷ്ട്രീയ അധികാരത്തിന്റെയും സുഖലോലുപതകളിൽ അഭിരമിക്കുന്നവർക്ക് അതിൽ നിന്നുള്ള തിരിച്ചുപോക്ക് അസാധ്യമാണ്. ഈ വസ്തുതയെ നോവലിലൂടെ സമർത്ഥിക്കുക വഴി അധികാരവ്യവസ്ഥയിലെ ജനാധിപത്യവിരുദ്ധത തുടരുമെന്ന് നോവലിസ്റ്റ് ചൂണ്ടിക്കാട്ടുന്നു.

രാഷ്ട്രത്തിന്റെ പൊതുധാരയിൽ പ്രത്യക്ഷത്തിൽ ഇടപെടാതിരിക്കുന്നശക്തമായ രാഷ്ട്രീയ സ്വാധീനമുള്ള ഒരു വലിയ സമൂഹം ആധ്യാത്മികമേഖലയിൽ അഭിരമിക്കുന്നുണ്ട്. കൃതിയിലെ പൂജ്യാനന്ദൻ, വൈശ്രുവണാനന്ദൻ, പെരിയച്ചാമി തുടങ്ങിയ നിരവധി സന്ന്യാസിമാർ കപടആത്മീയതയുടെ വക്താക്കളാണ്. കച്ചവടതന്ത്രങ്ങളിലൂടെ അതിസമ്പന്നരായി മാറുന്ന 'ഭിഷഗ്വരസ്വാമി'യും 'പത്രാധിപസ്വാമി'യും ആധ്യാത്മികമേഖലയിലെ സമ്പന്നവിഭാഗത്തെ പ്രതിനിധീകരിക്കുന്നു. വിദ്യാവതിയെന്ന അവരുടെ ആശ്രമം ആത്മീയതയെ കച്ചവടവൽക്കരിക്കുന്നതിനുള്ള സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തിയ പുതിയ കാലത്തിന്റെ മാതൃകയാണ്. ഭക്തിയും ആത്മീയതയും അവിടെ വില്പനച്ചരക്കാണ്.

"നാം കാവി ഉപേക്ഷിക്കരുതെന്നേ അവർക്ക് മർക്കടമുഷ്ടിയുള്ളൂ. ആശ്രമം ഏതായാലും

ശരി മനുഷ്യൻ കാവിയുടുത്താൽ മതിയെന്നാണ് അവരുടെ സിദ്ധാന്തം.

ഒന്നും ഉടുത്തില്ലെങ്കിലോ?

നഗ്നസന്യാസികളെയും അവർക്കിഷ്ടമാണ്. "[4] സാമ്പത്തികം, സാമൂഹികപദവി, രാഷ്ട്രീയ അധികാരത്തിലേക്കുള്ള സ്വാധീനം, അധ്വാനരഹിതമായ സുഖജീവിതം തുടങ്ങിയവയിലേക്കുള്ള ചവിട്ടുപടിയായി ഭാരതത്തിന്റെ ആത്മീയപാരമ്പര്യം ഉപഭോഗവത്കരിക്കപ്പെടുന്നുവെന്ന് വി. കെ. എൻ. നിരീക്ഷിക്കുന്നു.

വി. കെ. എന്നിന്റെ നോവലുകളിൽ കടന്നുവരുന്ന ഡൽഹി പശ്ചാത്തലം കാവിയിലും ആവർത്തിക്കുന്നുണ്ട്. ഈ സ്ഥലസൂചനയിലൂടെ പരാജയപ്പെട്ട നഗരാസൂത്രണത്തിന്റെയും ധനാസക്തിയുടെയും കാപട്യത്തിന്റെയും അധികാരാനുഭവങ്ങളെയാണ് നോവലിസ്റ്റ് അന്യാപദേശം ചെയ്യുന്നത്. അവയെ പരോക്ഷമായി നായക കഥാപാത്രത്തിന്റെ വീക്ഷണങ്ങളിലൂടെ സംവേദനം ചെയ്തുകൊണ്ട് ശക്തമായ സാമൂഹ്യവിമർശനം ഈ കൃതിയുടെ പ്രധാനപ്പെട്ട രചനാലക്ഷ്യമായിരിക്കുന്നു. ഇന്ത്യയുടെ സാമൂഹിക രാഷ്ട്രീയ മണ്ഡലം അധഃപതനത്തിലേയ്ക്ക് നീങ്ങുമ്പോൾ അതിലെ കച്ചവടലാക്കുകൾ മാത്രം നോക്കിക്കാണുന്ന മാധ്യമസംസ്കാരത്തെയും വി.കെ.എൻ. വിമർശിക്കുന്നുണ്ട്. നാളികേരം കൊണ്ട് തലയ്ക്കടിച്ചതിനാൽ മരണപ്പെട്ട സന്ന്യാസിയുടെ വാർത്ത അകാലമരണമായി മാറുന്നതിലെ പൊള്ളത്തരത്തെ കണക്കറ്റ് പരിഹസിക്കുന്നു. അന്ധമായ കാവിസംഘപ്രേമികളായ പൊതുജനങ്ങളെയും വി.കെ.എൻ. നിശിതമായി വിമർശിക്കുന്നു. ടെലിവിഷൻ സ്ക്രീനിനുമുന്നിൽ ഉന്തിത്തള്ളിയെത്തുന്ന ഭക്തജനങ്ങളും സന്ന്യാസിയെ സമാധിയാക്കുന്ന കാവിസംഘവും ഭീമമായ മനുഷ്യപ്രയത്നത്തെ പാഴാക്കുന്നതായി നോവലിസ്റ്റ് നിരീക്ഷിക്കുന്നു. ഇത്രമേൽ മനുഷ്യവിഭവശേഷിയുള്ള ഒരു രാജ്യം അത് വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ലെന്ന വസ്തുതയും വി.കെ.എൻ. കണ്ടെത്തുന്നു.

മതവും രാഷ്ട്രീയ അധികാരവും ഒരു പൗരന്റെ വ്യക്തിപരവും സാമൂഹികവുമായ സ്വാതന്ത്ര്യങ്ങളിലേക്ക് ആധിപത്യം ചെലുത്തുന്നതിന്റെ സൂക്ഷ്മസൂചനകൾ ഈ കൃതിയിൽ അന്യാപദേശം ചെയ്യപ്പെട്ടു കിടക്കുന്നു. വി.കെ.എന്നിന്റെ മറ്റു കൃതികളിലെന്നപോലെ ഭക്ഷണത്തിന്റെയും ലൈംഗികതയുടെയും ആവർത്തിക്കപ്പെടുന്ന പരാമർശംകാവിയിലുമുണ്ട്. മത രാഷ്ട്രീയാധികാരം വ്യക്തികളുടെ വൈകാരികതലത്തെ അടിച്ചമർത്തുന്നുവെന്ന് പരോക്ഷമായി സൂചിപ്പിക്കുന്നു. നായകനുൾപ്പെടെ നോവലിൽ കടന്നുവരുന്ന ഒട്ടുമിക്ക സന്ന്യാസി കഥാപാത്രങ്ങളും വിലക്ഷണമായ ലൈംഗികതാൽപര്യം അടിസ്ഥാന സ്വഭാവമാക്കിയവരാണ്. ലൈംഗികതയെയും ആധ്യാത്മികജീവിതത്തെയും വിഡംബനം ചെയ്തുകൊണ്ട് രണ്ടിന്റെയും പൊള്ളത്തരങ്ങൾ വെളിപ്പെടുത്തും വിധമാണ് കാവിലെ പാത്രസൃഷ്ടി നടത്തിയിരിക്കുന്നത്. ആത്മീയത എല്ലായ്പ്പോഴും ലൈംഗികതയെ പാപമായി ചിത്രീകരിക്കുന്നു. തൽഫലമായി അടക്കിവയ്ക്കപ്പെടുന്ന മനുഷ്യവികാരങ്ങൾ ചട്ടക്കൂടുകളിൽ നിന്ന് കുതറിമാറാൻ ശ്രമിക്കുമെന്ന് നോവലിസ്റ്റ് നിരീക്ഷിക്കുന്നു. സസ്യാഹാരവും മാംസാഹാരവും വിവാദാത്മകമാകുന്ന നോവൽ സന്ദർഭമുണ്ട്. വസിഷ്ഠനും വിശ്വാമിത്രനും വിരുന്നുപോകുമ്പോൾ ഇളംകാളയിറച്ചി ഭക്ഷിച്ചതിന്റെ പൗരാണിക സൂചനകൾ ഫലിതാത്മകമായി നോവലിസ്റ്റ് സൂചിപ്പിക്കുന്നു. ഭക്ഷണത്തിനുമേൽ; പ്രത്യേകിച്ച് മാംസാഹാരത്തിനു മേൽ മതവും രാഷ്ട്രീയാധികാരവും ചെലുത്തുന്ന നിയന്ത്രണങ്ങളെ സംബന്ധിച്ച ദീർഘദർശനം കൂടിയാണ് ഈ പരാമർശം. "കാവിയിൽ പൊതിഞ്ഞ ജീവിതം

 ISSN: 2582 - 2594

കാർക്കോടകവുമാണ്. ശുദ്ധമായ ആത്മപീഡനവുമാണ്. ചിലർക്ക് മാത്രമേ ചിട്ടയ്ക്കൊക്കെ ജീവിക്കാനാവൂ."[5] കപടആത്മീയത രൂപംകൊള്ളുന്ന കാരണങ്ങളിലൊന്ന് ഇതാണ്.

നിത്യജീവിതപരിസരങ്ങളിൽ നാം കണ്ടുമുട്ടുന്ന സ്വാഭാവിക കഥാപാത്രങ്ങൾക്ക് പുറമേ അതിയാഥാർത്ഥ്യത്തിന്റെ അംശമുള്ള കഥാപാത്രങ്ങളും നോവലിൽ കടന്നുവരുന്നുണ്ട്. ജാരസമ്പർക്കമുള്ള കാളിയും കൃഷ്ണനില്ലാത്ത മഹാക്ഷേത്രത്തിൽ വെറുതെ ചുറ്റിത്തിരിയുന്ന രാധയും സാമാന്യസങ്കൽപ്പങ്ങൾക്കതീതരായി നിലനിൽക്കുന്നു. പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും കൃത്യമായ നഗരാസൂത്രണവും പൗരാവകാശങ്ങളും സംരക്ഷിക്കപ്പെടാത്ത ഈ രാജ്യത്ത് മഹാക്ഷേത്രങ്ങൾ പണികഴിപ്പിക്കുന്നതിനെ നോവലിസ്റ്റ് ചോദ്യം ചെയ്യുന്നു. അധഃസ്ഥിതരായ സാധാരണക്കാരുടെ ഇടയിലാണ് ദൈവത്തിന്റെ അസ്തിത്വമെന്ന് നോവലിസ്റ്റ് സമർത്ഥിക്കുന്നു. "ബഷീറിനെ പോലെ കാർട്ടൂൺ കഥാപാത്രങ്ങളെ ഇദ്ദേഹവും സൃഷ്ടിക്കുന്നുണ്ടെങ്കിലും വി.കെ.എൻ. ശുദ്ധനർമ്മത്തിന്റെ ആളല്ല. കുസലില്ലാത്ത തന്ത്രപൂർവ്വമായ അട്ടഹാസമാണ് പലപ്പോഴും അദ്ദേഹത്തിൽ നിന്നുണരുന്നത്. ആഖ്യാനത്തിന്റെ സമസ്ത രീതികളും അദ്ദേഹത്തിന്റെ വിരൽത്തുമ്പിലുണ്ട്. അതിൽ ശ്ലീലാശ്ലീലങ്ങൾക്ക് പ്രത്യേക അതിർവരമ്പുകളില്ല. തന്റെ രാഷ്ട്രീയരചനകളിലൂടെ അദ്ദേഹം പ്രശ്നങ്ങളുടെ പൊതുവിചാരണ നടത്തുന്നു."[6] ഇത്തരത്തിൽ അഗാധമായജീവിതദർശനം പുലർത്താത്ത സ്ഥൂലപ്രകൃതിയുള്ള കഥാപാത്രങ്ങൾ പോലും പ്രാതിനിധ്യസ്വഭാവമുള്ളവരായി മാറുന്നു.

മൗലികമായ ഭാഷാശൈലികൊണ്ട് വിവർത്തനാതീതമാണ് വി.കെ.എൻ. രചനകൾ. "ഹിന്ദിയും ഇംഗ്ലീഷുമൊക്കെ കോർത്തിണക്കിയ 'ആധുനിക മണിപ്രവാള'ങ്ങളും അർദ്ധോക്തികളും വിപരീതാർത്ഥദ്യോതകങ്ങളായ പ്രയോഗങ്ങളുമൊക്കെ അവയിൽ സുലഭമാണ്."[7] സ്വയം സൃഷ്ടിച്ച പദങ്ങൾ, ഇതരഭാഷാപ്രയോഗങ്ങൾ, മറ്റു കൃതികളിലെയും ചലച്ചിത്രഗാനങ്ങളിലെയും സന്ദർഭങ്ങളും ഗാനങ്ങളും ഉദ്ധരിച്ചുകൊണ്ടുള്ള ഹാസ്യപ്രയോഗങ്ങൾ, പാഠാന്തര ബന്ധങ്ങൾ തുടങ്ങി സവിശേഷമായ ആവിഷ്കരണതന്ത്രങ്ങളാണ് വി. കെ. എന്നിനെ വ്യത്യസ്തനാക്കുന്നത്. പദപ്രയോഗങ്ങൾ മുതൽ ആശയാവിഷ്കരണം വരെയും ഉല്പാദിപ്പിക്കപ്പെടേണ്ട വൈകാരികാനുഭവങ്ങളെ സംബന്ധിച്ചും ആത്യന്തികമായി നോവൽ നിർമ്മിച്ചിരിക്കുന്ന ഭാഷയെ സംബന്ധിച്ചും വ്യക്തമായ കാഴ്ചപ്പാട് വി.കെ.എൻ. പുലർത്തുന്നുണ്ട്. "നമ്മുടെ ഭാഷാമനസ്സിനെ മൂടിയിരിക്കുന്ന തോടുകൾ ഭേദിച്ചുകൊണ്ട് പ്രതികരണക്ഷമമാക്കാൻ വി.കെ.എൻ.-ന്റെ ഭാഷയ്ക്ക് കഴിയുന്നു. സാമാന്യത്തിൽ നിന്നുള്ള വ്യതിയാനം കൊണ്ടും വ്യത്യസ്തത കൊണ്ടുമാണ് ആ ഭാഷ ചലനാത്മകമാകുന്നത്'"[8] നോവൽഭാഷയെ സംബന്ധിച്ച് രേഖീയമായ സങ്കല്പങ്ങളെയെല്ലാം നിരാകരിക്കുന്നതാണ് അദ്ദേഹത്തിന്റെ ശൈലി. അതുകൊണ്ടു തന്നെ പരന്ന വായന അതിൽ സാധ്യമല്ല. വാക്കുകൾ കൊണ്ട് അദ്ദേഹം സൃഷ്ടിക്കുന്ന വിവിധങ്ങളായ അർത്ഥതലങ്ങളിൽനിന്ന് അതിന്റെ സാമൂഹികവും രാഷ്ട്രീയവുമായ നില കണ്ടെത്തുകയാണ് വി.കെ.എൻ. കൃതികൾ വിശകലനം ചെയ്യുന്നതിനുള്ള മാർഗ്ഗം.

ആഴമേറിയ ചരിത്രബോധമുള്ള വി.കെ.എൻ. ഗൗരവതരമായ ധൈഷണിക ഭാവത്തോടുകൂടിയല്ലനോവലിലവ പ്രകടിപ്പിക്കുന്നത്. പകരംസാന്ദർഭികമായ പരാമർശങ്ങളിലൂടെ ചരിത്രത്തെ സമകാലജീവിതവുമായി കൂട്ടിയിണക്കുകയും അതിന്റെ രാഷ്ട്രീയം ചർച്ചചെയ്യുകയും ചെയ്യുന്നു. ചരിത്രത്തിന്റെ വിഡംബനമാണ് കാവിയിലെ കലാതന്ത്രത്തിന് പിന്നിൽ പ്രവർത്തിച്ചിരി

ക്കുന്നത്. രാഷ്ട്രീയ അബോധ വിശകലനത്തിലൂടെ പരോക്ഷഘടനയിൽ അന്തർഭവിച്ചിട്ടുള്ള രാഷ്ട്രീയ സൂചനകളെ വീണ്ടെടുക്കാവുന്നതാണ്. കാവിയെന്നത് ഒരേസമയം അധികാരത്തിന്റെയും വിധേയത്വത്തിന്റെയും ചിഹ്നമായി നായകനിൽ പരിണമിക്കുന്നു. മതാധിഷ്ഠിതമായ ജനാധിപത്യം ആപൽക്കരമാണ്. അത് തിരിച്ചറിഞ്ഞും അറിയാതെയും അരാഷ്ട്രീയവാദികളായി മാറുന്ന സമൂഹം ഇന്ത്യൻ ജനാധിപത്യവ്യവസ്ഥയെ തകർച്ചയിലേക്ക് നയിക്കുന്നു. അധികാരവിമർശനത്തോടൊപ്പം പ്രതികരണശേഷിയില്ലാത്ത സമൂഹം ഉയർത്തെഴുന്നേൽക്കണമെന്ന ആഹ്വാനവും വി.കെ.എൻ. നൽകുന്നു. കാവിയിലൂടെ സൃഷ്ടിക്കുന്ന രാഷ്ട്രീയ അന്യാപദേശത്തിന്റെ കാതൽ ഇതാണ്.

### കുറിപ്പുകൾ

1. പ്രൊഫ. പന്മന രാമചന്ദ്രൻ (എഡി.), സമ്പൂർണ്ണമലയാളസാഹിത്യചരിത്രം, പുറം 771.
2. വി.കെ.എൻ., കാവി, പുറം 104
3. അതേ പുസ്തകം, പുറം 74
4. അതേ പുസ്തകം, പുറം77
5. അതേ പുസ്തകം, പുറം 93
6. ഡോ. കൽപ്പറ്റ ബാലകൃഷ്ണൻ, മലയാളസാഹിത്യ ചരിത്രം, പുറം 195
7. ഡോ. കെ. എം. ജോർജ്(എഡി. ), ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, പുറം 210
8. ദേശമംഗലം രാമകൃഷ്ണൻ, സാഹിത്യകൃതി എഴുത്തുകാരന്റേതും വായനക്കാരന്റേതും, ചിരിയുടെ പിതാമഹൻ, പിസി റോയി (എഡി), പുറം 108

### ഗ്രന്ഥസൂചി


1. കൽപ്പറ്റ ബാലകൃഷ്ണൻ ഡോ., മലയാളസാഹിത്യചരിത്രം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005
2. ജോർജ് കെ. എം. ഡോ. (എഡി. ), ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം, 2011
3. തരകൻ കെ. എം. പ്രൊഫ., മലയാള നോവൽ സാഹിത്യ ചരിത്രം, കേരള സാഹിത്യഅക്കാദമി, തൃശ്ശൂർ, 2005
4. പന്മന രാമചന്ദ്രൻ പ്രൊഫ. (എഡി.), സമ്പൂർണ്ണമലയാളസാഹിത്യചരിത്രം, കറന്റ് ബുക്സ്, തൃശ്ശൂർ, 2008
5. വി. കെ. എൻ., കാവി, കറന്റ് ബുക്സ്, തൃശ്ശൂർ, 2016
6. ശ്രീധരമേനോൻ എ., കേരള ചരിത്രം, ഡി. സി. ബുക്സ്, കോട്ടയം, 2010
7. ഷിബു എ. എം., ഫാസിസത്തിന്റെ ചരിത്രവും ഹിന്ദുത്വത്തിന്റെ തത്വശാസ്ത്രവും, സോഷ്യലിസ്റ്റ് പബ്ലിക്ക, പാലക്കാട്, 2018
8. റോയി പി. സി., ചിരിയുടെ പിതാമഹൻ, ഡി. സി. ബുക്ക്സ്, കോട്ടയം, 1997